പ്രസിഡന്റ് വൊളോഡിമിർ സെലെൻസ്കിയുമായി പ്രധാനമന്ത്രി സംഭാഷണം നടത്തി (നവംബർ 09, 2026)

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ഇന്ന് ഉക്രെയ്ൻ പ്രസിഡന്റ് ശ്രീ. വൊളോഡിമിർ സെലെൻസ്കിയുമായി ടെലിഫോൺ സംഭാഷണം നടത്തി.

2. നിലവിൽ തുടരുന്ന സംഘർഷവുമായി ബന്ധപ്പെട്ട സമീപകാല സംഭവവികാസങ്ങളെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് പ്രസിഡന്റ് സെലെൻസ്കി പങ്കുവെച്ചു.

3. മനുഷ്യകേന്ദ്രീകൃതമായ സമീപനമാണ് ഇന്ത്യയുടേതെന്ന് പ്രധാനമന്ത്രി ആവർത്തിച്ച് വ്യക്തമാക്കി, ചർച്ചകളിലൂടെയും നയതന്ത്രത്തിലൂടെയും സംഘർഷം പരിഹരിക്കണമെന്ന ഇന്ത്യയുടെ സുസ്ഥിര നിലപാടും അദ്ദേഹം ആവർത്തിച്ചു. സംഘർഷം സമാധാനപരമായി പരിഹരിക്കുന്നതിന് ലക്ഷ്യമിട്ടുള്ള എല്ലാ ശ്രമങ്ങൾക്കും സംഭാവന നൽകാനുള്ള ഇന്ത്യയുടെ സന്നദ്ധതയും അദ്ദേഹം അറിയിച്ചു.

4. ഇരുരാജ്യങ്ങളിലെയും ജനങ്ങളുടെ പരസ്പര പ്രയോജനത്തിനായി വിവിധ മേഖലകളിൽ ഇന്ത്യ-ഉക്രെയ്ൻ ഉഭയകക്ഷി സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും ഇരുനേതാക്കളും ചർച്ച ചെയ്തു.

ന്യൂഡൽഹി

നവംബർ 09, 2026